**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 201 18.03.2013-ൽ മറുപടിയ്ക്ക്**

**ദേശീയഗെയിംസ് - കോഴിക്കോട് ജില്ലയിലെ വേദികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.പ്രദീപ്കുമാർ** | **ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) ദേശീയ ഗെയിംസിൽ കോഴിക്കോട് ജില്ലയിൽ എത്ര വേദികളാണ് ഉള്ളതെന്നും, ഓരോ വേദിയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ ? | (എ) ദേശീയ ഗെയിംസിനുവേണ്ടി കോഴിക്കോട് ജില്ലയിൽ 4 വേദികളാണ് നിശ്ചയിച്ചിട്ടുള്ളത്. ഇവയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. |

1. **വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം - (വോളീബോൾ-സ്ത്രീകൾ-പുരുഷന്മാർ)**

   ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തികൾ 98% പൂർത്തിയായിട്ടുണ്ട്. വൈദ്യുതീകരണ പ്രവർത്തികൾ, പെയിന്റിംഗ് വർക്കുകൾ എന്നിവ പൂർത്തിയായി. മേപ്പിൾവുഡ് ഫ്ളോറിംഗ് പണി പുരോഗമിക്കുന്നു.

2. **കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം - ഫുട്ബോൾ (പുരുഷന്മാർ)**

   സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പൈൽ ഫൗണ്ടേഷൻ പണികൾ പുരോഗമിക്കുന്നു.

3. **കോഴിക്കോട് മെഡിക്കൽ കോളേജ് ഫുട്ബോൾ (പുരുഷന്മാർ)**

   ഫുട്ബോൾ സ്റ്റേഡിയത്തിന്റെ ഗ്യാലറിയുടെ സ്ട്രക്ചർ, ചുമരുകൾ, പ്ലാസ്റ്ററിംഗ് വർക്കുകൾ, പ്രൈമിംഗ് കോട്ട്, ഇന്റേണൽ പെയിന്റിംഗ് എന്നിവ ഉൾപ്പെടുന്ന് കെട്ടിടം പണികൾ 90% പൂർത്തിയായി. സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ് എന്നിവയുടെ പണികൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

ഇതുകൂടാതെ കോഴിക്കോട് ബീച്ച്, ബീച്ച് വോളീബോളിന്റെ വേദിയായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വേദി താത്ക്കാലിക നിർമ്മിതിയിലുള്ള രീതിയിലാണ് തയ്യാറാക്കുന്നത്.

സെക്ഷൻ ഓഫീസർ